# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1319 02.03.2017 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാലാ അസിസ്റ്റന്റുമാരുടെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ് | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലയിൽ പി.എസ്.സി. മുഖേന അസിസ്റ്റന്റ് തസ്തികയിൽ നിയമനം നടത്തിയപ്പോൾ ഉദ്യോഗാർത്ഥികൾക്ക് ഏത് സർവ്വകലാശാല വേണം എന്ന നിലയ്ക്ക് ഓപ്ഷൻ വാങ്ങിയിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | ഇല്ല. |
| (ബി) | ഇത്തരത്തിൽ നടപടി സ്വീകരിക്കാത്തതുമൂലം ധാരാളം ഉദ്യോഗാർത്ഥികൾക്ക് സൗകര്യമുള്ള സർവ്വകലാശാലകളിൽ നിയമനം ലഭിക്കാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇപ്രകാരം നിയമനം ലഭിച്ചവർക്ക് അന്തർ സർവ്വകലാശാല സ്ഥലംമാറ്റം സംബന്ധിച്ച് ലഭിച്ച അപേക്ഷകളുടെ വിശദവിവരം സർവ്വകലാശാല തിരിച്ച് അറിയിക്കാമോ; | (സി) (ഡി) & (ഇ) | **കേരള ഫിഷറീസ് -സമുദ്രപഠന സർവ്വകലാശാല** യിൽ രണ്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ ഒര് വനിതയും ഒരു അംഗപരിമിതനും ജന്മനാ ജനിതക രോഗമുള്ളതുമായ വ്യക്തിയും ഉൾപ്പെടുന്നു. ഇതിൽ ഒരു അപേക്ഷ കേരള സർവ്വകലാശാലയിലേയ്ക്ക് അയച്ചിട്ടുണ്ട്.<br><br>**കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിൽ** അന്തർ സർവ്വകലാശാല സ്ഥലംമാറ്റം സംബന്ധിച്ച് അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ഇതിൽ 22 വനിതകളും, 4 അംഗപരിമിതരും ഉൾപ്പെടുന്നു.<br><br>**കേരള സർവ്വകലാശാലയിൽ** അന്തർ സർവ്വകലാശാല സ്ഥലംമാറ്റം |
| (ഡി) | ഇതിൽ വനിതകൾ, അംഗപരിമിതർ, ജന്മനാ ജനിതകരോഗ ബാധിതർ തുടങ്ങിയവരുടെ അപേക്ഷകൾ ഉണ്ടോ; എങ്കിൽ ഇതിന് പ്രത്യേകമായ പരിഗണന നൽകി നടപടി സ്വീകരിക്കാമോ; | | |
| (ഇ) | ഇക്കാര്യത്തിൽ സർക്കാരും സർവ്വകലാശാലകളും നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച് 3 വനിതകളും 1 അംഗപരിമിതനും ഉൾപ്പെടെ 5 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.<br><br>തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല യിൽ അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി. വഴി നിയമനം നടത്തിയിട്ടില്ല.<br><br>എം.ജി. സർവ്വകലാശാല, നുവാൽസ്, എ പി ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സർവ്വകലാശാല, കേരള വെറ്റിനറി സർവ്വകലാശാല, കുസാറ്റ് എന്നീ സർവ്വകലാശാലകളിൽ , അന്തർ സർവ്വകലാശാല സ്ഥലംമാറ്റം സംബന്ധിച്ച അപേക്ഷകൾ ലഭിച്ചിട്ടില്ല.<br>അതത് സർവ്വകലാശാല നിയമമനുസരിച്ച് ഈ അപേക്ഷകളിൻമേൽ സർവ്വകലാശാലകൾക്ക് തീരുമാനം കൈക്കൊള്ളാവുന്നതാണ്. സർക്കാർ ഇത് സംബന്ധിച്ച് ഒരു നിർദ്ദേശവും യുണിവേഴ്സിറ്റികൾക്ക് നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**